World Mission Sunday

© J. S. Paluch Co., Inc.

# Chicago Knanaya Catholic Parish Bulletin

**Sacred Heart Knanaya Catholic Church,** 611 Maple St., Maywood, IL 60153
**St. Mary's Parish Unit,** 5212 W. Agatite Ave, Chicago, IL 60630
October 21, 2007, Vol. 3, Issue 4
All issues of our bulletin are available at www.knanayaregion.us/chicago/bulletin.htm

**ഇന്ന് മിഷൻ ഞായർ. പ്രേഷിത പ്രവർത്തകർക്കുവേണ്ടി പ്രാർത്ഥിക്കുകയും മിഷൻ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നല്കുകയും ചെയ്യാം. ഇന്ന് ലേലം ഉണ്ടായിരിക്കും.**

## Today is Mission Sunday.

**Let us support the missions through our prayers and financial support.**

## This Issue: Feature of Mar Moolakkatt's visit. (More in the next issue)





Photos above: Reception to Archbishop Mar Mathew Moolakkatt at our parish church and homily.
Photo below: Homily at OLV church for St. Mary's Unit.





### PASTOR / VICAR

**Fr. Abraham Mutholath**
**5212 W. Agatite Ave., Chicago, IL 60630.**
**(773) 412-6254 (cell) mutholath2000@yahoo.com**
***www.knanayaregion.us/chicago***

**For a list of all Voluntary Staff, please visit:**
***www.knanayaregion.us/chicago/staff.htm***

### HOLY MASS

**SUNDAY 10:00 A.M.**
**5:30 P.M. at OLV, 5212 W. Agatite Ave, Chicago**
**YOUTH MASS at 11:30 A.M.**
**THURSDAY 7:00 P.M. Community Center**
**FRIDAY 7:00 P.M.**
**SATURDAY 10:00 A.M.**

### RELIGIOUS EDUCATION

**ON SUNDAYS 10:00 A.M. to 11:15 A.M.**
**3:45 P.M. to 5:00 P.M. at OLV for St. Mary's Unit**

### ADORATION

**ALL: First Fridays after Mass.**
**CHILDREN: Every 2nd and 4th Friday after Holy Mass.**

### RECONCILIATION / CONFESSION

**First Saturdays from 10:00 A.M.**

### NOVENAS

**B.V. Mary after Saturday 10:00 A.M. Mass.**
**St. Jude Novena on Thursdays at 7:00 P.M. at Community Center.**
**St. Michael 3rd Fridays of the month after 7:00 P.M. Mass.**

### PRAYER GROUP

**Sundays after 10:00 A.M. Mass & 4:00 P.M. at OLV.**

### ST. VINCENT DE PAUL SOCIETY

**Sundays after 10:00 A.M. Mass**

### LEGION OF MARY

**Saturdays after 10:00 A.M. Mass.**

### MEN'S & WOMEN'S MINISTRIES

**First Friday evenings after Holy Mass**

### PARISH VOLUNTEERS' MEETING

**First Friday evenings after Holy Mass**

### THEOLOGY COURSE

**Third Tuesdays at 6:30 P.M.**




## Schedule of Events

**SATURDAY, OCTOBER 20, 2007**
Mass and Novena at 10:00 A.M.

**SUNDAY, OCTOBER 21, 2007**
മിഷൻ ഞായർ / Mission Sunday Second Collection & Auction

Religious Education classes and Malayalam Holy Mass at 10:00 A.M.
Youth Mass and adult meetings from 11:30 A.M.
Religious Education Class at OLV at 3:45 P.M.
Mass at OLV at 5:30 P.M.

**MONDAY, OCTOBER 22-26, 2007**
തിങ്കൾ മുതൽ വെള്ളിവരെ കമ്മ്യൂണിറ്റി സെൻ്ററിൽ കൊന്ത പത്ത്.

**THURSDAY, OCTOBER 25, 2007**
Mass, Novena & Rosary at Community Center at 7:00 P.M.

**FRIDAY, OCTOBER 26, 2007**
Mass and **Adoration for children** at 7:00 P.M.

**SATURDAY, OCTOBER 27, 2007**
Baptism, Mass and Novena at 10:00 A.M.

**SUNDAY, OCTOBER 28, 2007**
വിശുദ്ധ യൂദാശ്ലീഹായുടെ തിരുന്നാൾ ദിവസം.

Religious Education classes and Malayalam Holy Mass at 10:00 A.M.
Youth Mass and adult meetings from 11:30 A.M.
Religious Education Class at OLV at 3:45 P.M.
Baptism and Mass at OLV at 5:30 P.M.

**THURSDAY, NOVEMBER 1, 2007**
സകല വിശുദ്ധരുടെ തിരുന്നാൾ ദിവസം.
കമ്മ്യൂണിറ്റി സെൻ്ററിൽ സകല മരിച്ചവരുടെ ഓർമ്മ ആചരണം.

Memorial Mass and Novena at Community Center at 7:00 P.M.

**FRIDAY, NOVEMBER 2, 2007**
Mass and **Adoration** at 7:00 P.M.
**Men's & Women's Ministry Meeting after Mass.**

**SATURDAY, NOVEMBER 3, 2007**
ഇടവക പള്ളിയിൽ സകല മരിച്ചവരുടെ ഓർമ്മ ആചരണം.

**Memorial Mass** & Novena at 10:00 A.M. followed by **Office at Knanaya Cemetery.**
കുർബ്ബാനയ്ക്കു ശേഷം ക്നാനായ സെമിത്തേരിയിൽ ഒപ്പീസ്.

**SUNDAY, NOVEMBER 4, 2007**
പള്ളി കൂദാശാ കാലം ആരംഭിക്കുന്നു.
Daylight Saving Time Ends.

## Weekly Offering

***October 7 & 14***

| | |
|---|---|
| **St. Mary's Unit 441 + 271** | **712.00** |
| Offering for Adult Mass 1,739 + 1,332 | 3,071.00 |
| Offering for English Mass (14th only) | 122.00 |
| Food Committee net income (14th only) | 315.00 |
| Building Fund: Youth Center 3,120+290 | 3,410.00 |
| Agape Lemonade (for charity) 262 + 48 | 310.00 |
| **TOTAL RECEIPTS AT S.H. CHURCH** | **7,228.00** |

# വികാരിയുടെ സന്ദേശം



## നമ്മുടെ രണ്ടാമത്തെ പള്ളി ഹോഫ് മാൻ എസ്റ്റേറ്റിലാകാം.

എന്റെ പ്രിയ സഹോദരങ്ങളേ,

ക്നാനായ സമുദായ തലവനായ അഭിവന്ദ്യ മാർ മാത്യു മൂലക്കാട്ട പിതാവിന്റെ ഇപ്രാവശ്യത്തെ അമേരിക്കൻ സന്ദർശനം നമ്മുടെ സഭാപരമായ വളർച്ചയിൽ വലിയൊരു വഴിത്തിരിവായി. ചിക്കാഗോയിലെ ക്നാനായക്കാർക്കു സ്വന്തമായി ദൈവാലയം വേണമെന്ന് ആഹ്വാനം ചെയ്ത അദ്ദേഹത്തിന് ദൈവകൃപയാൽ ഒരു വർഷം കൊണ്ട് അത്ഭുതകരമായി വളർന്ന് പക്വത പ്രാപിച്ച പ്രഥമ പ്രവാസി ക്നാനായ ഇടവകയെ നേരിൽ ദർശിക്കുവാൻ കഴിഞ്ഞു. അതിൽ സന്തുഷ്ടനായ അദ്ദേഹം, മാതാവിന്റെ നാമത്തിൽ നാം സ്ഥാപിക്കുവാനാഗ്രഹിച്ച് പ്രാർത്ഥിച്ച് വരുന്ന രണ്ടാമത്തെ പള്ളി എത്രയും വേഗം യാഥാർത്ഥ്യമാക്കുവാൻ ആഹ്വാനം ചെയ്തു. അസാധ്യമാണെന്നു കരുതിയവ സാദ്ധ്യമാക്കിയ ദൈവത്തിൽ ശരണപ്പെട്ട നാം സഹകരിച്ചാൽ ദൈവം ഇതും നടത്തിത്തരും.

അഭിവന്ദ്യ മാർ മാത്യു മൂലക്കാട്ട പിതാവ് ഇപ്രാവശ്യം വന്നപ്പോൾ, നമ്മുടെ സംഘടനാ ഭാരവാഹികളും മറ്റു ചില അംഗങ്ങളും ആവശ്യപ്പെട്ടതനുസരിച്ച്, അവരും പിതാവും ഞാനുമായി സെപ്റ്റംബർ 30ന് നമ്മുടെ രണ്ടാമത്തെ പള്ളി സ്ഥാപിക്കുന്നതു സംബന്ധിച്ച ചർച്ച നടത്തുകയുണ്ടായി. അതിൽ സംഘടനാ പ്രതിനിധികൾ പ്രകടിപ്പിച്ച കാര്യങ്ങൾ സംക്ഷിപ്തമായി ഇവിടെ ചേർക്കുന്നു: മേവുഡിലെ നമ്മുടെ തിരുഹൃദയ ദൈവാലയം വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്നു. എന്നാൽ അവിടെ വരുവാൻ ആരെയും നിർബന്ധിക്കരുത്. അവിടെ ലഭ്യമാകുന്ന എല്ലാ അജപാലന പ്രവർത്തനങ്ങളും ഓ.എൽ.വി.യിൽ മാത്രം പങ്കെടുക്കുന്ന ക്നനായക്കാർക്കും ഉണ്ടാകണം. അതിനാൽ എത്രയും വേഗം ഓ.എൽ.വി.യിൽ വരുന്നവരിൽനിന്ന് വിപുലമായ ഫണ്ട് റെയ്സിംഗ് കമ്മറ്റിയുണ്ടാക്കി സെന്റ് മേരീസ് പള്ളിയ്ക്കുവേണ്ടി ധനസമാഹരണം നടത്തണം. രണ്ടാമത്തെ പള്ളി സ്ഥാപിക്കുന്നതിനുകൂടി ഉദ്ദേശിച്ചാണ് ഹോഫ്മാൻ എസ്റ്റേറ്റിൽ ഏഴേക്കർ സ്ഥലം കെ.സി. എസ്. വാങ്ങിയത്. പള്ളിയ്ക്കും അനുബന്ധ സ്ഥാപനങ്ങൾക്കും വേണ്ടി മൂന്നര ഏക്കർ സ്ഥലം സെന്റ് മേരീസ് യൂണിറ്റിനുവേണ്ടി എഴുതിക്കൊടുക്കുവാൻ കെ.സി.എസ്. തയ്യാറാണ്. അതിനുള്ള നടപടികൾ എത്രയും വേഗം ചെയ്യുന്നതാണ്.

മേൽ പറഞ്ഞപ്രകാരം കെ.സി.എസ്. സെന്റ് മേരീസ് പള്ളിയ്ക്കുവേണ്ടി സ്ഥലം എഴുതി കൊടുക്കുകയാണെങ്കിൽ, ചിലവു കുറഞ്ഞ മറ്റു സാദ്ധ്യതകൾ ഉണ്ടെങ്കിലും, സമുദായ ഐക്യത്തെ കരുതിയും ആദ്യത്തെ പള്ളിയ്ക്ക് കാര്യമായി സഹകരിക്കാതിരുന്നവരുടെ സംഭാവന ചെയ്യുവാനുള്ള ഉത്സാഹത്തെ കരുതിയും ഹോഫ്മാൻ എസ്റ്റേറ്റിൽ നമ്മുടെ രണ്ടാമത്തെ പള്ളി സ്ഥാപിക്കുന്നതിന് എനിക്കുള്ള സമ്മതവും, വികാരിയെന്ന നിലയിലുള്ള എന്റെ നേതൃത്വവും, മൂലക്കാട്ട പിതാവിന്റെ സാന്നിദ്ധ്യത്തിൽതന്നെ ഞാൻ വാഗ്ദാനം ചെയ്തു. അതനുസരിച്ച് രണ്ടാമത്തെ നമ്മുടെ ക്നാനായ പള്ളിയ്ക്കുവേണ്ടിയുള്ള നടപടികൾ അഭിവന്ദ്യ അങ്ങാടിയാത്തു പിതാവുമായി ആലോചിച്ച് ഉടൻ നടത്തുന്നതാണ്.


മേവുഡിലെ യൂത്ത് സെന്ററും ഹോഫ്മാൻ എസ്റ്റേറ്റിലെ ക്നാനായ പള്ളിയും എന്നിങ്ങനെ രണ്ടു പദ്ധതികൾ ഒരേ സമയം വരുന്നതിൽ നാം വിഷമിക്കേണ്ട. മുൻപു ഞാൻ സണ്ടേ ബുള്ളറ്റിനിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുപോലെ ഇരട്ടകളെ തരുന്ന ദൈവം അവയെ സംരക്ഷിക്കുവാനുള്ള കരുത്തും നമുക്കു തരും. മേവുഡിൽ ഇപ്പോൾ സഹകരിക്കുന്നവർ യൂത്ത് സെന്ററിനായി കൂടുതൽ ഉത്സാഹിച്ച്, ആദ്യ പള്ളി പണിയ്ക്കുള്ള സംഭാവന ഉൾപ്പെടെ, 5,000 ഡോളറിൽ കുറയാത്ത തുക കൊടുത്തു തീർക്കുക. അടുത്ത സമ്മറിൽ യൂത്ത് സെന്റർ പണി നമുക്കു പൂർത്തിയാക്കുവാൻ സാധിക്കണം.

ക്നാനായ പള്ളിയിൽ നിശ്ചിത തുക തന്നു സഹകരിക്കാത്ത അനവധി പേരുണ്ട്. അവർ സെന്റ് മേരീസ് പള്ളിക്കുവേണ്ടി 5,000 ഡോളറിൽ കുറയാത്ത തുക സെന്റ് മേരീസ് അക്കൗണ്ടിലേയ്ക്ക് സംഭാവന ചെയ്യണം. എല്ലാവരും പള്ളിയ്ക്കുവേണ്ടി ഉത്സാഹിക്കുന്ന അന്തരീക്ഷം സംജാതമായതിൽ ഞാൻ ദൈവത്തെ സ്തുതിക്കുന്നു. മറ്റൊരു ക്നാനയ പള്ളി ചിക്കാഗോയിൽ ഉണ്ടാകണമെന്ന ബോദ്ധ്യത്തിലേയ്ക്ക് എല്ലാവരെയും കൊണ്ടുവന്ന ദൈവപരിപാലനയോടു സഹകരിക്കുവാൻ എല്ലാ ഇടവകക്കാരും തയ്യാറാകണം. നമ്മുടെ രണ്ടാം ഭവനമായി മാറുന്ന പള്ളിയ്ക്കുവേണ്ടി എത്ര പണം ദൈവസന്നിധിയിൽ നല്കിയാലും അതിനുതക്ക പ്രതിഫലം ദൈവം നല്കുകതന്നെ ചെയ്യും.

നമ്മുടെ ആളുകൾ ഭാവിയിൽ ഹോഫ് മാൻ എസ്റ്റേറ്റിലും പ്രാന്ത പ്രദേശങ്ങളിലും വസതികൾ വാങ്ങുമെന്നു പ്രത്യാശിക്കുന്നു. അപ്പോൾ മേവുഡും ഹോഫ്മാൻ എസ്റ്റേറ്റും തമ്മിലുള്ള അകലം ഗുണകരമായി ഭവിക്കും. ഹോഫ്മാൻ എസ്റ്റേറ്റിൽ പള്ളി പണിയുവാൻ പലരും ഉത്സുകരാകയാൽ എല്ലാവരും ഉത്സാഹിച്ച് അതു നടപ്പിലാക്കണം. ക്രമേണ നമ്മിലെ മാനസിക അകൽച്ച കുറയുവാൻ പുതിയ പദ്ധതി ഇടയാകുമെന്നു പ്രതീക്ഷിക്കുന്നു. സെന്റ് മേരീസ് പള്ളി സ്ഥാപിതമായി കുറേനാൾ പ്രവർത്തിച്ചു കഴിയുമ്പോൾ പ്രാദേശികാടിസ്ഥാനത്തിൽ ഇടവക തിരിയുവാനൊക്കും. ഈ സ്വപ്നങ്ങൾ പൂവണിയുവാൻ നമുക്കു ദൈവസന്നിധിയിൽ പ്രാർത്ഥിക്കാം.

ഒത്തിരി സ്നേഹത്തോടെ,
ഫാ. ഏബ്രഹാം മുത്തോലത്ത്

## നുറുങ്ങുവെട്ടം



**സേക്രഡ് ഹാർട്ടും സെന്റ് മേരീസും ഒരേ ഇടവകയുടെ പള്ളികളാണ്. രണ്ടിലും ഏവരും സഹകരിക്കണം. ഒരുമയിൽ നിന്ന് ഭാവിയിൽ നമുക്ക് രണ്ട് ഇടവകകളാകാം.**

**MARRIAGE PREPARATION COURSE**
will be held in Chicago from November 23rd evening to 25th evening. Please contact Tonny Pullappally for registration @ 1-630-205-5078.

# മൂലക്കാട്ട് പിതാവ് ഇടവക പള്ളിയിൽ ചെയ്ത പ്രസംഗം



മിശിഹായിൽ സ്നേഹമുള്ള വാത്സല്യ സഹോദരീ സഹോദരന്മാരേ, പ്രിയ മക്കളേ:

എത്രയോ വലിയ സന്തോഷത്തോടുകൂടിയാണ് ഇന്ന് നിങ്ങളോടൊപ്പം നിങ്ങൾക്കുവേണ്ടി ഈ വിശുദ്ധ കുർബാന അർപ്പിക്കുന്നതെന്ന് പറയുക പ്രയാസമാണ്. ദൈവം നമ്മെ നയിക്കുന്ന വഴികൾ എത്രയോ അത്ഭുതകരമാണ്. ആ യാഥാർത്ഥ്യമാണ് ഇപ്പോൾ എന്റെ മനസ്സിൽ വരുന്നത്. **ക്നാനായ കത്തോലിക്കരെ സംബന്ധിച്ചിടത്തോളം കോട്ടയം അതിരൂപതയ്ക്ക് വെളിയിലെ സ്വന്തമായ ഒരു ഇടവക എന്ന സ്വപ്നം സാക്ഷാല്ക്കരിക്കപ്പെട്ട നമ്മുടെ ഈ ദേവാലയം വരുംതലമുറകളെ സംബന്ധിച്ചടത്തോളം അഭിമാനത്തിന്റെയും അനുഗ്രഹത്തിന്റെയും വലിയ ദൈവദാനമാണ്.**

ചരിത്രത്തിലേക്ക് കടക്കുവാൻ സമയം ഇല്ലെങ്കിലും ഞാൻ അനുസ്മരിക്കുകയാണ്. നമുക്ക് സ്വന്തമായി ഒരു ദൈവാലയം വടക്കേ അമേരിക്കയിൽ ഉണ്ടാകണമെന്ന ആഗ്രഹം യാഥാർത്ഥ്യമാക്കുവാൻ വേണ്ടി നാം നടത്തിയ പ്രയത്നങ്ങളും അതിന്റെ പിന്നിലുണ്ടായ ബുദ്ധിമുട്ടുകളും ഇവിടെ സന്നിഹിതരായിരിക്കുന്ന നാല്ലൊരു വിഭാഗത്തിനറിയാം. ഒരു പക്ഷെ സ്വന്തമായൊരു ദൈവാലയം എന്ന ആശയം ആദ്യം ശ്രവിച്ചപ്പോൾ പലരും വലിയ അമ്പരപ്പോടും അസ്വസ്ഥതയോടും ആകാംക്ഷയോടും കൂടിയാണ് അതു ശ്രവിച്ചത്. കാരണം നമുക്ക് പൂർണ്ണ സ്വാതന്ത്ര്യത്തോടു കൂടിയ സഭാ സംവിധാനങ്ങൾ ഉണ്ടായിട്ടില്ല എന്നുള്ള യാഥാർത്ഥ്യം കൊണ്ടാണ്. എന്നാൽ ഇത് നമ്മുടെ വളർച്ചക്ക് ആവശ്യമാണെന്ന ബോദ്ധ്യത്തോടുകൂടിയാണ ഞാൻ പറഞ്ഞത് അമേരിക്കയിലെ നമ്മുടെ സമൂഹത്തിനു വളരണമെങ്കിൽ സ്വന്തമായ ദൈവാലയങ്ങൾ ഉണ്ടാകണമെന്ന്. അതിന്റേതായ എല്ലാ പരിമിതികളേയും ഉൾക്കൊണ്ടുകൊണ്ടുതന്നെ അപ്രകാരമുള്ള തീരുമാനത്തിനു നിങ്ങൾ നല്കിയ നിർല്ലോഭമായ സഹകരണവും അതിനുവേണ്ടി നിങ്ങൾ സഹിച്ച ത്യാഗവും വളരെയേറെ വലുതാണ്.

**ഇവിടെ ഈ ദൈവാലയം ലഭ്യമാകുവാനുള്ള സാഹചര്യങ്ങൾ സംജാതമായപ്പോൾ അതിനോടു ചേർന്നുണ്ടായ പ്രത്യേക ചുറ്റുപാടുകളെ ധൈര്യത്തോടുകൂടി, ഇത് ദൈവം നമുക്ക് നല്കുന്ന ഭവനമാണ്, നാം ഇത് സന്തോഷത്തോട് സ്വീകരിക്കണം എന്നു പറഞ്ഞപ്പോൾ യാതൊരു മടിയും കൂടാതെ അതിനുവേണ്ടി കഷ്ടപ്പാടുകൾ സഹിക്കുവാനും സംഭാവനകൾ നല്കുവാനും ദൈവിക പദ്ധതിയിൽ പങ്കു ചേരുവാനും സന്നദ്ധരായി മുമ്പോട്ടുവന്ന നിങ്ങൾ ഏവരുമാണ് വാസ്തവത്തിൽ വടക്കേ അമേരിക്കയിലെ ക്നാനായ സമുദായത്തിന്റെ സഭാപരമായ വളർച്ചയിൽ വലിയ സംഭാവന നല്കിയത് എന്ന് ചരിത്രം എഴുതുകതന്നെ ചെയ്യും.**

അതുകൊണ്ടുതന്നെയാണ് നാം വളരെ സന്തോഷത്തോടുകൂടി ഇന്ന് ഈ ദേവാലയത്തിൽ വിശുദ്ധ കുർബാനയ്ക്കായി എത്തുക. പലപ്പോഴും ഇവിടെ വന്ന അവസരത്തിൽ വാടകക്കെടുത്ത ദൈവാലയങ്ങളിൽ അല്ലെങ്കിൽ നമുക്കായി നമ്മൾ നിർമ്മിച്ച മറ്റു കമ്മ്യൂണിറ്റി ഹോളുകളിൽ കുർബാന ചൊല്ലിയപ്പോഴൊക്കെ എന്റെ ഹൃദയത്തിൽ സ്വന്തമായ നമ്മുടെ ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിക്കാനുള്ള ആഗ്രഹം നിറഞ്ഞു നില്ക്കുകയായിരുന്നു. അത് ഇന്നിവിടെ സാധിക്കുമ്പോൾ ദൈവത്തിനു നന്ദി പറയുന്നു. അതോടൊപ്പം ഇതിനുവേണ്ടി പ്രയത്നിച്ച നിങ്ങളെയെല്ലാവരേയും ഞാൻ അഭിനന്ദിക്കുന്നു. കാരണം ഇത് നമ്മുടെ സമൂഹത്തിന്റെ ആദ്ധ്യാത്മിക വളർച്ചയുടെ, ക്രൈസ്തവ ജീവിതത്തിന്റെ വലിയൊരു ഉറച്ച അടിത്തറയാണ്. ഇതിനു വേണ്ടി നമ്മൾ വളരെ ത്യാഗങ്ങൾ സഹിക്കേണ്ടിവന്നു. വളരെയേറെ അസ്വസ്ഥതകൾ ഉണ്ടായിരുന്നു. ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നു. എന്നാൽ നല്ലവനായ ദൈവം അവയെല്ലാം നമുക്കായി ഒരുക്കിയത് നമ്മെ ഒരുക്കാൻ വേണ്ടിയാണ്. തന്റെ പദ്ധതിയിൽ പങ്കുകാരാക്കാൻ വേണ്ടിയാണ്. അതുകൊണ്ടു തന്നെ മനോഹരമായ ഈ ദൈവാലയത്തിൽ ഇന്ന് ഈ വിശുദ്ധ കുർബാന നിങ്ങൾക്കുവേണ്ടി അർപ്പിക്കുവാൻ സാധിക്കുന്നതിൽ നമ്മുടെ പിതാക്കന്മാരോടു ചേർന്ന് ഞാൻ ദൈവത്തിനു നന്ദി പറയുകയാണ്.

**പ്രിയമുള്ള സഹോദരീ സഹോദരന്മാരെ, നമുക്കറിയാം ഈ ഇടവക ദൈവാലയത്തിന്റെ ആരംഭത്തിന്, അതിന്റെ വളർച്ചയ്ക്ക് ശക്തമായ നേതൃത്വം നല്കിയത് ബഹു. മുത്തോലത്തച്ചനാണ്. അച്ചന്റെ ഏറ്റം ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങളെ ഈ അവസരത്തിൽ നിങ്ങളോടു ചേർന്ന് ഞാൻ അനുസ്മരിക്കുകയും ദൈവം അച്ചന് ഇനിയും ധാരാളം അനുഗ്രഹങ്ങൾ നല്കട്ടെയെന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. തന്റെ ഔദ്യോഗിക കൃത്യനിർവ്വഹണങ്ങൾക്ക് യാതൊരു മുടക്കവും വരുത്താതെ, ഒരു പക്ഷെ ഒരു മനുഷ്യനു സാധാരണഗതിയിൽ ചെയ്യാൻ സാധിക്കുന്നതിനേക്കാൾ വളരെ കൂടുതൽ അദ്ധ്വാനം ഈ ദൈവജനത്തിനു നല്കിക്കൊണ്ട് അതിനായി തന്നെത്തന്നെ സമർപ്പിച്ചുകൊണ്ട് അച്ചൻ നടത്തിയ, നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ, ഈ ഇടവകയ്ക്കു നല്കിയിരിക്കുന്ന അന്തസ്സും മാന്യതയും തീർച്ചയായും അമേരിക്കയിലുള്ള സകല കത്തോലിക്കർക്കും മാതൃകയാണ്**

*(Continued on page 5)*

## മരിച്ചവർക്കു വേണ്ടി വിശേഷാൽ ദിവ്യബലി

**നവംബറിൽ സകല മരിച്ചവർക്കും വേണ്ടി പ്രത്യേക പ്രാർത്ഥനകൾ നടത്തുന്നു. നിങ്ങളുടെ പ്രിയ പരേതരുടെ പേരുകൾ എഴുതി ഒരാൾക്കു <u>പത്തു</u> ഡോളർ വീതമോ അതിലധികമോ എൻവലപ്പിൽ ഇട്ട് പള്ളിയിൽ ഏല്പിക്കുക. ആ തുക ക്നാനായ സെമിത്തേരിയുടെ ഗ്രോട്ടോയുടെ ചിലവിന് ഉപയോഗിക്കുകയും എൻവലപ്പ് അൾത്താരയിൽ വച്ച് നവംബർ മുഴുവൻ അവർക്കുവേണ്ടി ദിവ്യബലി അർപ്പിക്കുന്നതുമാണ്.**

## അരവിന്ദാക്ഷമേനോൻ നയിക്കുന്ന ധ്യാനം

**മുരിങ്ങൂർ ധ്യാന കേന്ദ്രത്തിലെ പ്രസിദ്ധ വചന പ്രഘോഷകനായ അരവിന്ദാക്ഷമേനോൻ 29 ന് 6:30 മുതൽ 9:30 വരെ കമ്മ്യൂണിറ്റി സെന്ററിലും, 30ന് 6:30 മുതൽ 9:30 വരെയും ഡിസംബർ 1ന് 10:00 മുതൽ 5:30 വരെയും ഡിസം. 2ന് 10:00 മുതൽ 1:00 വരെ ഇടവക പള്ളിയിലും, ഡിസം. 2ന് ഉച്ചകഴിഞ്ഞ് 2:30 മുതൽ 7:00 വരെ ഓ.എൽ.വി. പള്ളിയിലും ധ്യാനം നയിക്കുന്നതാണ്. കുടുംബ ജീവിതത്തെ കേന്ദ്രീകരിച്ചായിരിക്കും പ്രഭാഷണങ്ങൾ.**

*(Continued from page 4)*

**എന്നതിൽ സംശയമില്ല. സീറോ മലബാർ സഭയിലെ ആദ്യത്തെ രൂപതയാണ് ഇവിടെ സ്ഥാപിതമായിരിക്കുന്ന സെന്തോമസ്സ് രൂപത. ആ രൂപതയിലെ ഇടവക ദൈവാലയങ്ങളിൽ, അഭിവന്ദ്യ അങ്ങാടിയാത്ത് പിതാവിന്റെ തന്നെ ഭാഷയിൽ പറഞ്ഞാൽ, ഏറ്റവും മനോഹരമായി പ്രവർത്തിക്കുന്ന ഇടവകയാക്കി ഈ ദൈവാലയത്തെ മാറ്റിയെടുക്കുവാൻ ബഹു. അച്ചനും, അച്ചനോട് ചേർന്നു പ്രവർത്തിക്കുന്ന നിങ്ങൾ ഓരോരുത്തരും കാണിക്കുന്ന ശുഷ്കാന്തി ഇതിനോടകം തന്നെ വളരെ പ്രശംസ പറ്റിക്കഴിഞ്ഞു.** അതു മുമ്പോട്ട് പോകട്ടെ എന്നാണ് എന്റെ ആഗ്രഹം. ദൈവം നമുക്കു നല്കിയ ഈ അനുഗ്രഹം തീർച്ചയായും നമുക്ക് സന്തോഷത്തോടെ, നന്ദിയോടെ സ്വീകരിച്ചുകൊണ്ട് മുന്നോട്ട് പോകണം.

**ചിലർക്കൊക്കെ ഇപ്പോഴും ആശങ്കയുണ്ട്. ഇത് നമ്മുടെ സ്വന്തമാണോ? നമ്മുടേതായ രീതികളിൽ മുമ്പോട്ട് പോകുവാൻ സാധിക്കുമോ? എന്നൊക്കെ. ചിലപ്പോഴൊക്കെ അവർ എന്നോട് ചോദിക്കാറുമുണ്ട്. പ്രിയമുള്ള എന്റെ സഹോദരീ സഹോദരന്മാരെ, ഈ ജനത്തിന്റെ ഹൃദയ ഐക്യവും സ്നേഹത്തിന്റെ ആഴവും എടുത്തുമാറ്റുവാൻ സാധിക്കുന്ന ഒരു ശക്തിയും ലോകത്തിലില്ല. അതുകൊണ്ടുതന്നെ നമുക്ക് ധൈര്യമായി പറയുവാൻ സാധിക്കും: ഇതു ഞങ്ങളുടെ ദൈവാലയമാണ്, ഇത് ക്നാനായ സമുദായത്തിന്റെ ദൈവാലയമാണ്. ക്നാനായ സമുദായത്തിലെ പിതാക്കന്മാർ എത്രമാത്രം തീക്ഷ്ണതയോടും ത്യാഗബുദ്ധിയോടും കൂടി അവരുടെ വിശ്വാസവും പൈതൃകവും സംരക്ഷിക്കുവാൻ പരിശ്രമിച്ചുവോ അതിൽ അല്പംപോലും കുറവില്ലാതെ ഞങ്ങളും അതു പാലിക്കും, സംരക്ഷിക്കും. ആരൊക്കെ ഏതെല്ലാം വ്യർത്ഥചിന്തകൾവഴി ഇത് മറ്റുള്ളവരുടേതാണെന്നു പറഞ്ഞാലും ഒരിക്കലും അങ്ങനെ ആകുകയില്ല.** ഇത് ക്നാനായ സമുദായത്തിന്റെ ഹൃദയത്തോട് ചേർത്തു സൂക്ഷിക്കുന്ന, അവരുടെ ആത്മാഭിമാനത്തിന്റെ, ക്രൈസ്തവ വിശ്വാസത്തിന്റെ മനോഹരമായ അടയാളമാണ്. അത് അങ്ങനെതന്നെ ആയിരിക്കുകയും ചെയ്യും. അതിൽ ആർക്കും സംശയം വേണ്ട. കാരണം ഇത് ദൈവത്തിന്റെ ജനത്തിനു ദൈവം നല്കിയ സംഭാവനയാണ്. സമ്മാനമാണ്

**ഈ ഇടവക ദൈവാലയം ഇനിയും അമേരിക്കയിൽ സ്ഥാപിതമാകുവാൻ പോകുന്ന അനേകം ദൈവാലയങ്ങളുടെ ആദ്യത്തെ അടിസ്ഥാനശിലയായി എന്നും നിലനില്ക്കുകതന്നെ ചെയ്യും. ഒരു പക്ഷെ ഇതിലും വലുതും മനോഹരവുമായ മറ്റു ദൈവാലയങ്ങൾ കാലക്രമേണ ഇനിയും അമേരിക്കയിൽ നമുക്കായി നിർമ്മിക്കപ്പെടുവാൻ സാദ്ധ്യതയുണ്ട്. അത് സാധിക്കും എന്നതാണ് എന്റെ വിശ്വാസം. എങ്കിലും നിങ്ങൾക്ക് എന്നും അഭിമാനത്തോടെ പറയുവാൻ സാധിക്കും ഇതാ ഇതാണ് അവയുടെ അടിത്തറ. ഇതാണ് വടക്കേ അമേരിക്കയിലെ ക്നാനായ മക്കളുടെ ആദ്യത്തെ സ്വന്തമായ ക്രൈസ്തവ ദൈവാലയം. ഇതിൽ നിന്ന് ഉയരുന്ന ആത്മീയ ചൈതന്യമാണ്, സമുദായ സ്നേഹമാണ് ഇനിയുള്ള ദൈവാലയങ്ങൾക്കു ശക്തമായ അടിത്തറയായി വർത്തിക്കുവാൻ പോകുന്നത്.** അതുകൊണ്ട് നമുക്ക് വളരെ അഭിമാനത്തോടെ അനുസ്മരിക്കുവാൻ സാധിക്കും. നമ്മുടെ പ്രയത്നങ്ങൾ നിഷ്ഫലമായിട്ടില്ല, നമ്മുടെ അദ്ധ്വാനങ്ങൾ നിഷ്പ്രയോജനമായിട്ടില്ല. ഇത് ദൈവത്തിന്റെ വലിയ ദാനമാണ്.

എനിക്ക് ഇനി ഒരു കാര്യം മാത്രമാണു പറയുവാനുള്ളത്. പഴയനിയമത്തിൽ നാം വായിച്ചുകേട്ടതുപോലെ ഹൃദയ പരമാർത്ഥതയോടെ വ്യാപരിക്കുവാൻ നമുക്ക് പരിശ്രമിക്കാം. വിശുദ്ധ പൗലോസ് അപ്പസ്തോലൻ തന്റെ പ്രിയ ശിഷ്യനായ തിമോത്തിയോസിനെ അനുസ്മരിപ്പിക്കുന്നതുപോലെ, ഭീതിയുടെ ആത്മാവിനെയല്ല ധൈര്യത്തിന്റെയും സ്നേഹത്തിന്റെയും ആത്മാവിനെയാണ് ദൈവം നമുക്കു നല്കിയിരിക്കുന്നത്. അതുകൊണ്ട് ധൈര്യപൂർവ്വം കർത്താവിനോട് ചേർന്ന് മുന്നോട്ട് പോകുവാൻ നാം പരിശ്രമിക്കുക.

**ഞാൻ അറിയിന്നടുത്തോളം ഈ ഇടവക സമൂഹത്തിലുള്ള ഓരോ വ്യക്തിയും ഈ ഇടവക ദൈവാലയത്തിന്റെ വളർച്ചയിൽ അവരുടേതായ പങ്കു വഹിക്കുന്നവരാണ്. കൊച്ചു കുഞ്ഞുങ്ങൾ മുതൽ പ്രായമായവർവരെ ഇത് ഞങ്ങളുടെ ദൈവാലയമാണ് എന്ന ബോധ്യത്തോടുകൂടി അതിന്റെ വളർച്ചക്കു വേണ്ടി അക്ഷീണം പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ആ പരിശ്രമങ്ങളൊന്നും വ്യർത്ഥമല്ല, നഷ്ടമല്ല എന്നു മാത്രമാണ് എനിക്ക് നിങ്ങളെ അനുസ്മരിപ്പിക്കുവാനുള്ളത്. നിങ്ങളെ ഓരോരുത്തരേയും സ്നേഹപൂർവ്വം ഞാൻ അഭിനന്ദിക്കുന്നു. യഥാർത്ഥത്തിൽ ക്രൈസ്തവ സമൂഹം എന്നു പറയുന്നത് ഇടവക ദൈവാലയത്തോട് ബന്ധപ്പെട്ട് അതിനെ ചുറ്റിപ്പറ്റി വളരുന്ന സ്നേഹകൂട്ടായ്മയാണ്. അതിന്റെ വളരെ മനോഹരമായ പ്രകാശനമാണ് ഇന്ന് ഈ തിരുഹൃദയ ദൈവാലയത്തിൽ നമുക്ക് കാണുവാൻ സാധിക്കുന്നത്.**

നിങ്ങൾ ഓരോരുത്തരും ഈ ദൈവാലയത്തോട് ബന്ധപ്പെട്ട് പ്രവർത്തിക്കുമ്പോൾ നമ്മുടെ പരസ്പര സ്നേഹവും ഹൃദയ ഐക്യവും വളരുകയാണ്. അത് വെറും സാമൂഹ്യമായിട്ടുള്ള ബന്ധത്തിന്റെ തലത്തിലല്ല അവസാനിക്കുക. പ്രത്യുത ആത്മീയ ചൈതന്യത്തോടുകൂടി ദൈവിക സ്നേഹത്തിൽ പങ്കുചേർന്ന്, അനശ്വരമായ ദൈവിക സ്നേഹത്തിൽ അടിയുറച്ച പരസ്പര ബന്ധങ്ങളായിട്ടാണ് വളരുക. അതാണു നമുക്കാവശ്യം. **സാമൂഹ്യ ബന്ധങ്ങൾക്ക് അതിന്റേതായ പരിമിതിയുണ്ട്. എന്നാൽ ദൈവ സ്നേഹത്തിൽ അടിയുറച്ച ക്രൈസ്തവ സ്നേഹത്തിനു വാനോളം പറന്നുയരുവാൻ സാധിക്കും. ആ സ്നേഹത്തിലേയ്ക്കാണു നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നത്.**

ക്നാനായ സമുദായത്തിന് അതിൽതന്നെ വളരെ കൃത്യമായ ഒരു സാഹോദര്യമുണ്ട്. ഹൃദയ ഐക്യമുണ്ട്. അതിനെ ശക്തിപ്പെടുത്തുന്നത്, അതിനെ നിലനിർത്തുന്നത്, അതിനെ ഉറപ്പിച്ചു നിറുത്തുന്നത് ദൈവത്തോടുള്ള നമ്മുടെ ബന്ധമാണ്. ആ ബന്ധം നമ്മിൽ ഉറപ്പിക്കുന്നത് ദൈവാലയത്തോടുള്ള നമ്മുടെ സ്നേഹം വഴിയാണ്; ദൈവാലയത്തിന്റെ വളർച്ചയ്ക്കുള്ള പ്രവർത്തനം വഴിയാണ്. അതുകൊണ്ടുതന്നെ ഈ ദൈവാലയത്തോട് ചേർന്നു പ്രവർത്തിക്കുമ്പോൾ, ഈ ഇടവകയുടെ വളർച്ചയ്ക്കായി നിങ്ങൾ അദ്ധ്വാനിക്കുമ്പോൾ, വാസ്തവത്തിൽ അത് നിങ്ങളുടെ വ്യക്തിപരമായ ജീവിതത്തേയും ക്നാനായ സമൂഹത്തിന്റെ ആത്മാർത്ഥമായ ഹൃദയ ബന്ധങ്ങളെയുമാണു ശക്തിപ്പെടുത്തുന്നത്, വളർത്തുന്നത് എന്നുള്ളത് പ്രത്യേകമായി അനുസ്മരിക്കുക. അതിലൂടെയാണ് നമുക്ക് വളർച്ചയുണ്ടാകുക. സാമൂഹ്യ ബന്ധങ്ങളുടെ പരിമിതികൾക്കപ്പുറം നമ്മൾ വളർന്ന്, ഉയർന്ന് ദൈവീക സ്നേഹത്തിന്റെ ഉയർച്ചകളിലേക്ക് വരണമെങ്കിൽ, ദൈവത്തോട് ചേർന്ന് പ്രവർത്തിക്കുന്ന മനുഷ്യരുടെ ഹൃദയ ബന്ധം അനിവാര്യമാണ്, അത്യാവശ്യമാണ്. ദൈവാനുഗ്രഹത്താൽ നമുക്ക് അങ്ങനെയുള്ള ഒരു ഹൃദയ ബന്ധം നമ്മുടെ പിതാക്കന്മാർ നല്കിയിട്ടുണ്ട്. അതിൽ ഉറച്ചു നിന്നുകൊണ്ടാണ് നമ്മൾ മുന്നോട്ട് പേകുന്നത്. അതുകൊണ്ട് ദൈവത്തിന്റെ സ്നേഹത്തിൽ ചേർന്നു നിന്നുകൊണ്ട്,

*(Continued on page 6)*

*(Continued from page 5)*

ദൈവ ഭവനത്തോട്ടു ചേർന്നു പ്രവർത്തിച്ചുകൊണ്ട് ഇനിയും വളരുവാൻ സാധിക്കും.

നിങ്ങൾക്ക് അതിനു നേതൃത്വം നല്കുന്ന ബഹു. മുത്തോലത്തച്ചനും ഇപ്പോൾ ദൈവാനുഗ്രഹത്താൽ നമുക്ക് ലഭ്യമായിരിക്കുന്ന ബഹു. വട്ടുകുളത്തച്ചനും ചേർന്ന് ഈ ഇടവകയെ അമേരിക്കയിലെ എല്ലാവർക്കും മാതൃകായോഗ്യമായ നല്ലയൊരു ഇടവക ദൈവാലയമായി കൂടുതൽ കൂടുതൽ വളർച്ചയിലേക്ക് നയിക്കട്ടെ എന്നാണ് എന്റെ പ്രാർത്ഥനയും ആശംസയും. തീർച്ചയായും അതു സാധിക്കും. നിങ്ങൾ ഇപ്പോൾ തുടരുന്ന രീതിയിലുള്ള നല്ല പ്രവർത്തനങ്ങളിലൂടെ ഇത് നിങ്ങളുടെ ഇടവക ദൈവാലയമാണ് എന്ന ബോദ്ധ്യത്തോടുകൂടി പ്രവർത്തിക്കുവാൻ തയ്യാറാവുക.

പൗലോസ് അപ്പസ്തോലൻ പറയുന്നതുപോലെ ഭീതിയുടെ ആത്മാവിനെയല്ല ദൈവം നമുക്ക് നല്കിയിരിക്കുന്നത്. മറിച്ച്, ധൈര്യത്തിന്റെയും, വിശ്വസ്തതയുടെയും, സ്നേഹത്തിന്റെയും ആത്മാവിനെയാണ്. അതുകൊണ്ട് നിങ്ങളാരും ഭയപ്പെടേണ്ട ആവശ്യമില്ല. **ഈ ദൈവാലയം വാങ്ങുന്ന അവസരത്തിൽ അന്നുണ്ടായിരുന്ന വലിയ ഉൽക്കണ്ഠ, എങ്ങനെ അങ്ങോട്ടു പോകും, എങ്ങനെ അവിടെ എത്തിച്ചേരും അവിടെ നില്ക്കാൻ സാധിക്കുമോ എന്നൊക്കെ ആയിരുന്നു. അന്നു ഞാൻ പറഞ്ഞു ഭയപ്പെടേണ്ട ആവശ്യമൊന്നുമില്ല എന്ന്. എനിക്ക് ഇപ്പോഴും നിങ്ങളോടു പറയുവാനുള്ളത് ഇതു മാത്രമാണ്. ദൈവം നമ്മോടു കൂടെയുണ്ടെങ്കിൽ ആരു നമുക്ക് എതിരു നില്ക്കും. പൗലോസ് അപ്പസ്തോലൻ ചോദിക്കുന്ന ചോദ്യമാണിത്. ഈ കഴിഞ്ഞ കാലങ്ങളിൽ നമുക്ക് അത് ബോദ്ധ്യമായിട്ടുണ്ട്. ദൈവം നമ്മോടു കൂടെയുണ്ടെങ്കിൽ ആർക്കും നമ്മളെ എതിരിടുവാൻ സാദ്ധ്യമല്ല. അതുകൊണ്ടുതന്നെ നിങ്ങൾ ആരും ഭയപ്പെടേണ്ട ആവശ്യമില്ല. കാരണം ദൈവം നമ്മോടു കൂടെയുണ്ട്. നമ്മോടു കൂടെയുള്ള ദൈവത്തിന്റെ കരം പിടിച്ചാണ്, നമ്മുടെ ജീവിതത്തിന്റെ ഓരോ നിമിഷവും നമ്മൾ മുമ്പോട്ടു കൊണ്ടുപോകുന്നത്. അത് എവിടെ ആണെന്നുള്ളതല്ല. സങ്കീർത്തകൻ പറയുന്നതുപോലെ മരണത്തിന്റെ ഇരുളടഞ്ഞ താഴ്‌വരയിൽക്കൂടി നടക്കുമ്പോൾ പോലും ഞാൻ ഭയപ്പെടുകയില്ല. കാരണം കർത്താവ് എന്റെ ഇടയനാണ്. അവൻ എന്നെ നയിക്കുന്നു. പ്രീയ മക്കളേ, ഈ ബോദ്ധ്യം നമുക്കുണ്ടെങ്കിൽ നമുക്ക് എന്താ ഭയപ്പെടുവാനുള്ളത്. ഒന്നും ഭയപ്പെടു വാനില്ല.**


നിങ്ങളുടെ ഇവിടെയുള്ള ഈ നിറഞ്ഞ സാന്നിദ്ധ്യം, അത് എനിക്ക് ഉറപ്പു തരുന്നു: ഞങ്ങൾക്ക് ഭയമില്ല ഞങ്ങൾ ദൈവത്തിന്റെ കരം പിടിച്ചാണു ചലിക്കുന്നത് അത് എവിടെ ആയിരുന്നാലും; അമേരിക്കയിലായാലും ഇന്ത്യയിലായാലും ലോകത്തിന്റെ ഇരുളടഞ്ഞ ഏതു കോണിലായാലും ഞങ്ങൾക്ക് ഭയമില്ല കാരണം ഞങ്ങൾ ദൈവത്തിന്റെ കരം പിടിച്ചു ജീവിക്കുന്ന ആളുകളാണ്. ഈ ബോദ്ധ്യമാണ് നമുക്ക് ആവശ്യമായിട്ടുള്ളത്. അതുകൊണ്ട് ദൈവം നല്കിയ ഈ വലിയ ദാനത്തിനു ദൈവത്തിനു നന്ദി പറഞ്ഞുകൊണ്ട്, ദൈവത്തോടുള്ള നമ്മുടെ ആഹൃദയ പരമാർത്ഥതയിൽ ഉറച്ചു നിന്നുകൊണ്ട് മുന്നോട്ടു പോകുവാൻ പരിശ്രമിക്കാം. എല്ലാ അനുഗ്രഹങ്ങളും ദൈവം നമുക്ക് നല്കട്ടെയെന്നാണ് എന്റെ പ്രാർത്ഥനയും ആശംസയും.

**ഇത് ആദ്യത്തെ ചുവടു വെപ്പാണ്. ഇനിയും നമുക്ക് ബഹുദൂരം മുന്നോട്ടു പോകുവാനുണ്ട് അമേരിക്കയിൽ തന്നെ ഇനിയും നമുക്ക് അനേകം ദൈവാലയങ്ങൾ ഉണ്ടാകണം. ഇത് ഞങ്ങളുടെ ഇടവക ദൈവാലയമാണെന്ന് അമേരിക്കയിലെ ഓരോ ക്നാനായക്കാരനും പറയുവാൻ പറ്റുന്ന രീതിയിൽ ഇടവക ദൈവാലയങ്ങൾ നമുക്ക് ഉണ്ടാകണം. ചിക്കാഗോയിൽ തന്നെ ഇനിയും നമുക്ക് ദൈവാലയങ്ങൾ ആവശ്യമാണ് എന്നുള്ളത് നിങ്ങൾക്കെല്ലാവർക്കും അറിയാവുന്ന വസ്തുതയാണ്. അന്ന് ഈ ദൈവാലയം വാങ്ങുന്ന അവസരത്തിൽ തന്നെ നാം പറയുകയുണ്ടായി നമുക്ക് ഇനിയും വേറെ ദൈവാലയങ്ങൾ ഉണ്ടാകണമെന്ന്. അതിനുള്ള പരിശ്രമങ്ങൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്.**

ഞാൻ ഇവിടെ വന്ന അവസരത്തിൽ ബഹു. മുത്തോലത്തച്ചനും, ഇവിടെയുള്ള നമ്മുടെ ഇടവകയിലെ, അല്ലെങ്കിൽ കെ.സി. എസിലെ ആളുകളുമൊക്കെയായി സംസാരിക്കുകയുണ്ടായി. പുതിയ ദൈവാലയത്തിനായുള്ള പ്രവർത്തനങ്ങളുമായി സന്തോഷത്തോടുകൂടി മുമ്പോട്ടു പോകുവാൻ എല്ലാവരും തീരുമാനിച്ചിരിക്കുന്നുവെന്നു കേട്ടതിൽ എനിക്കു വളരെ സന്തോഷമുണ്ട്. ഒരു

*(Continued on page 7)*

## Ushers at Sacred Heart



| October 21 | October 28 |
|---|---|
| MALAYALAM MASS<br>Jithin Kaduthodil<br>Sherry Kulathilkarottu<br>Soumya Kulathilkarottu<br>Kichu Maliackalthara | MALAYALAM MASS<br>Sherry Kulathilkarottu<br>Soumya Kulathilkarottu<br>Vinitha Padinjath<br>Kichu Maliackalthara |
| ENGLISH MASS<br>Jerry Thekkeparambil<br>Seejo Valacheril | ENGLISH MASS<br>Tobin Poothakkary<br>Kevin Kunnasseril |

## READERS / LECTORS

## ഏലിയാ-ശ്ലീവാ-മൂശാ കാലം

| October 21 | PASSAGE | MALAYALAM MASS | ENGLISH MASS | ST. MARY'S at OLV |
|---|---|---|---|---|
| 1st Reading | Exodus 17:8-13 | Roy Kannothara | Elizabeth Nellamattathil | Tobin Valliparampil |
| 2nd Reading | 2 Tim. 3:14 - 4:2 | Valsamma Kulathilkarote | Jobin Aikkaraparambil | Justin Madayanakavil |
| October 28 | | | | |
| 1st Reading | Sirach 35:12-14, 16-18 | John Klakkil | Arun Kothaladiyil | Mariyakutty Pazhayedathu |
| 2nd Reading | 2 Timothy 4:6-8, 16-18 | Beena Indikuzhy | Jacquiline Thekkeparambil | Molegeena Thattamattathil |

(Continued from page 6)

പക്ഷേ, ആദ്യം ഇടവക ദൈവാലയം എന്ന പറഞ്ഞപ്പോൾ അല്പം മടിച്ചു മാറി നിന്നവർപോലും, എല്ലാവരും ഇന്ന് ഒരേ സ്വരത്തിൽ പറയുകയാണ് പിതാവേ ഞങ്ങൾക്ക് ഇവിടെ ഇനിയും ഇടവക ദൈവാലയങ്ങൾ ഉണ്ടാകണമെന്ന്. ബഹു. മുത്തോലത്തച്ചൻ ആ കാര്യത്തിൽ വളരെയേറെ താല്പര്യം എടുക്കുന്നുണ്ട്.

നമുക്ക് ഇനിയും കൂടുതൽ ഇടവക ദൈവാലയങ്ങൾ ഉണ്ടാകണം. ചിക്കാഗോയിൽ ഉണ്ടാകണം; മാത്രമല്ല അമേരിക്കയിലെ മറ്റുഭാഗങ്ങളിലും ഉണ്ടാകണം. കാരണം മക്കളേ ആ പള്ളിയാണ് ആ ഇടവകയാണ് നമ്മെ വളർത്തുന്നത്. അതിനോട് ചേർന്നാണ് നമ്മൾ വളരുന്നത്. അല്ലെങ്കിൽ നമ്മുടെ വളർച്ച വളരെയേറെ മുരടിച്ചുപോകും. അനുഭവങ്ങൾ നമ്മോടു പറയുന്നതും അതുതന്നെയാണ്. ദൈവാലയത്തിൽ ദൈവത്തോട് ചേർന്ന് വളരാൻ പരിശ്രമിക്കുമ്പോഴാണ് നമ്മൾ യഥാർത്ഥത്തിൽ വളരുന്നത്. അതുകൊണ്ടു തന്നെ ഇനിയും ഇടവക ദൈവാലയങ്ങൾ ഉണ്ടാകണം. അതിൽ നമ്മൾ എല്ലാവരും സഹകരിക്കണം.

ബഹു. അച്ചൻ എന്നോടു പറയുകയുണ്ടായി ചിക്കാഗോയിലുള്ള എല്ലാ ആളുകളും ചേർന്ന് ഇനിയും പുതിയ ദൈവാലയങ്ങൾക്കു വേണ്ടിയുള്ള പരിശ്രമങ്ങളുമായിട്ട് മുന്നോട്ടു പോകുകയാണെന്ന്. അതാണ് നമുക്ക് ആവശ്യമായിട്ടുള്ളത്. നാം എല്ലാവരും ചേർന്ന് പുതിയ ദൈവാലയങ്ങൾ, ഇടവക ദൈവാലയങ്ങൾ, ദൈവജനത്തിന് ഒത്തുചേരുവാനും പ്രാർത്ഥിക്കുവാനും, ദൈവത്തെ മഹത്വപ്പെടുത്തുവാനും ദൈവത്തോടു ചേർന്നു വളരുവാനും സഹായകമായ പുതിയ ദൈവാലയങ്ങൾ ഉണ്ടാകണം. അതിനു നിങ്ങൾ എല്ലാവരും ചേർന്ന് പരിശ്രമിക്കണം.അതാണ് ഈ അവസരത്തിൽ എനിക്ക് പ്രത്യേകമായിട്ട് നിങ്ങളോടു പറയുവാനുള്ളത്. ഒരിക്കൽക്കൂടി നിങ്ങൾക്കെല്ലാവർക്കും എല്ലാവിധ ആശംസകളും നേരുന്നു. നമുക്കെല്ലാവർക്കും ചേർന്ന് ഈ വിശുദ്ധ കുർബാന ഭക്തിയോടെ അർപ്പിക്കാം.


Best compliments from The Mutholath Family



Pro-Rehab Services, P.C.
Outpatient Rehab. Specialists.
Orthopedic PT, OT, ST, Pediatric Therapy, Sports Medicine, Stroke Rehab, Lymphedema Treatment.
6400 College Dr. Suite 800, Palos Heights, IL 60463, (708) 489 6PRS
9518 W. 179th Street, Tinley Park, IL 60487
www.pro-rehabservices.com

Choicecare Home Health, Inc.
Skilled Home Health Agency of Choice
Intermittent Skilled Nursing, PT, OT, Speech and Language Pathology, Medical Social Worker, Home Health Aide.
9520 W. 179th St., Tinley Park, IL 60487
(708) 633-8600, www.choicecarehh.com

Medicare Certified, most insurance accepted.

Gaanam Videos & Photos Edukkutharayil
Professional Touch



with Latest Technology.



ANIL
Cell: 630-202-5969
Res: 847-827-7827

Chilli's garden
The Indian taste
Dine in, Carryout & Catering
Free Home Delivery
847-296-0777
8971, N. Potter Road
Desplaines IL 60016
Cyril Kattapuram 224-717-0376

ST. MICHAEL'S TOWING
24 HOUR ROADSIDE ASSISTANCE
1-866-JOE-4-TOW
POWER WASH 847-568-1500
4002 W. Chicago, IL
7736 W. Dempster, Morton Grove, IL



JOY CHEMMACHEL
312-560-1600

Please support our advertisers to support us.



Jaibu Mathew, E.A.
ENROLLED TO PRACTICE BEFORE IRS
7215 W. Touhy, Suite 5, Chicago, IL 60631.
Office: 773-792-2117, 312-718-6337 Cell
Fax: 773-792-2118, jaibu6@aol.com
* Free Electronic Filing *
* Refund in 24 Hours *

Professional with 11 years experience in catering.
YOU INVITE THE GUESTS, WE DO THE REST
Malabar
Catering &Carry-out
Call
WILLIAM GEORGE
3519 W. Montrose Ave,
Chicago, IL 60618
Tel: 773-588-0304
Cell 773-842-5179
E-mail: malabarcat@yahoo.com

We put our money where our mouth is



Free Refinanceing !!!!!
Loan amount up to 100%
No credit, Poor credit - No Problem !
buy new home/investment property

Citywide Mortgage of America Corp.
Jimmy Thomas Kollappallil
Cell: (847) 814-3949
Off: (773) 202-2600
Fax: (773) 202-2605
Email:jimmy@citywidema.com
(847) 814-3949

COLDWELL BANKER



MARTIN & MARBRY
REALTOR
For All Your Real Estate Needs
Buying, Selling, Re-locating & Investing
Call: Zachariah Chacko (Zach)
(A Friendly Realtor)
Find out how much your dream home is worth today?
4632 W. Church St., Skokie, IL 60076
(847) 677-1200 (Business)
(847) 551-7386 (Pager)
(847) 374-5031 (Voice Mail)
EQUAL HOUSING LENDER

ROYAL TRAVEL SERVICE
3423 W. LAWRENCE AVE, ROOM #5, CHICAGO, IL 60625
TEL: (773) 509-9600, FAX: (773) 509-1196
*KUWAIT AIRWAYS * AIR INDIA * MALAYSIAN
* SWISS AIR * BRITISH AIRWAYS * LUFTHANSA
AIR FRANCE * KLM * SINGAPORE AIR, ETC.,
YOUR KNANAYA TRAVEL AGENCY
CONTACT: JOSE KORATTIYIL, JAY KALAYIL, CHERIAN VENKADATHU

**Greetings to Knanaya Catholic Parish Chicago**



SERVING THE MALAYALEE COMMUNITY SINCE 1982

Personal Injury • Wrongful Death • Medical Negligence • Car Accidents • Slip and Fall • Work Injuries

*Your Call is Always Welcome*

## Attorney Steve Crifase

**312-855-0511**

**8 South Michigan, Suite 2000, Chicago, Illinois 60603**

*Dupage County Office and Home Visits Available*

**J & J REMODELING**

"Where work is a piece of art."

Call Us For Remodeling Your



* Kitchen
* Bathroom
* Basement
* Bedroom

**Jose Korattiyil**
Res: (847) 933-9509
Cell: (847) 293-6211

CLARK · Shell · Gas DEPOT · MARATHON · CITGO

Gasoline distribution throughout the Midwest

***Your KNANAYA Gasoline Jobber***

**Gas Depot Oil Co.**
IL 60053
847-581-0303 (Off)
847-581-0309 (Fax)
**www.gasdepot.com**

**Cottage Hill** Real Estate, Inc.

Delivering more than we promise!!



George Mathews
Realtor

109 S. Adell Place
Elmhurst, IL 60126

Cell 630.935.0328
Office 630.758.0540
Fax 630.758.0530
Email: gmathews@cottagehill.info

## RN Review

Comprehensive Review
Free make-up classes
Individualized Coaching
Full Length Practice Tests
Convenient location

**ExcelRn**
1460 Renaissance
Ste # 208
Park Ridge IL 60068
**Call : (630) 742 7202**

**www.excelrn.com**

Jay C Realty Inc.
**Jose Cyriac** Realtor

JAY C REALTY, Inc.



4652 Oakton Street, Skokie, Il 60076
Office 847-673-2000, Cell 847-687-2151
Fax 847-673-2022, jcyriac@comcast.net

**LINCOLNWOOD MORTGAGE SERVICES, INC.**



**4039 W. Main St., Skokie, IL 60076**
**Phone: 847-674-1600**
**Fax: 847-674-1608**
*For all your Mortgage Services*
**Please contact: Benny Kuriakose (Kanjiraparayil)**
Phone: 847.583.1245, Pager: 773.258.1301.
**PURCHASE, REFINANCES, FIXED, ADJUSTABLE**
**We offer fast approvals**

Home Dream Home !!!
To fulfill your sweet dream Call today & experience the difference !!!

Shaji Nirappil
Office: (630) 539-7076
Fax: (630) 833-6747
Cell: (630) 886-1044
Email: shajinirappil@hotmail.com



**Avian Realty**
Serving You More For Less

Specialties include residential, Commercial & Gas Stations in and around Chicago land area.

**SPACE AVAILABLE FOR YOUR ADVERTISEMENT**

**FOR ALL YOUR PERSONAL AND BUSINESS TAX SERVICES**



**TOMY NELLAMATTAM**
619 N. Milwaukee Ave., Suite 25
Glenview, IL 60025.
847-486-4112 (Off)
847-302-8556 (Cell)
847-724-3247 (Fax)

CITYWIDE JMW REALTY INC.



**4313 W. Irwing Park, Chicago, IL 60641**

**ALEX MULLAPPALLIL**
REALTOR CONSULTANT


Tel: 773-286-6200 * Cell: 847-208-6657
Res: 847-679-9431 * Fax: 773-286-9516

Specializing in: Gas Stations, Investments, Commercial, & Residential.

**WE ARE COMMITTED TO EXCELLENCE**

COMING TOGETHER TO SERVE YOU BETTER

**Sofi Lukose Puthenpurayil**
**Cell: 847-894-7486**



**Cyriac Lukose Puthenpurayil**
**Cell: 847-877-2870**

RESIDENTIAL & COMMERCIAL

RE/MAX

PERFECT WORK DESIGN
"ALL WOOD WORK"
ANNA & ANDY
1900 N. AUSTIN AVE. 7F-E
CHICAGO, IL 60639
TEL: (773) 804-0441
FAX: (773) 804-0481
CELL: (773) 474-1655

**CitizensBank&Trust**
5700 N. Central Ave. Chicago, IL 60646

**YOUR COMMUNITY BANK!**
**WE ARE HERE FOR ALL YOUR NEEDS!**
***Commercial * Residential * Investments***

**ANNA G. LES**
**ASSISTANT VICE PRESIDENT**
Main: 773.763.6200
Email: annales@cbtoc.com

FDIC
FEDERAL DEPOSIT INSURANCE CORPORATION

EQUAL HOUSING LENDER



**JAMES KATTAPURAM**
**Cell: 630-202-1002**
**Res: 630-307-1518**
**100% Customer Service**

Citywide Mortgage of America Corp.

***4305 W. Irving Park, Chicago, IL 60641***
***Tel: 773.286.6200***
Specializing in:
* Existing Residential
* New Construction
* Commercial / Investment

For a Buyer / Seller Consultation
For a Free Market Analysis
For a Free Pre-Qualification